പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2582 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വിഭാഗങ്ങളുടെ ഭവന പുനരുദ്ധാരണ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. റഹ്മത്തുള്ള
ശ്രീ. പി. കെ. നവാസ്
ശ്രീ. സി. കെ. കാസിം
ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും ഭവന പുനരുദ്ധാരണവും ലക്ഷ്യമാക്കിയുള്ള സേഫ് പദ്ധതി (SAFE- Secure Accommodation & Facility Enhancement) 2022-23 സാമ്പത്തിക വർഷം മുതൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

മറുപടി: ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിയുള്ളതും 2006 ഏപ്രിൽ ഒന്നിനു ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെയാണ് ടി പദ്ധതിയിലേക്ക് പരിഗണിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ ഭവന പുനരുദ്ധാരണത്തിനോ സർക്കാർ സഹായം ലഭിച്ചവരെയും മുൻ വർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും പദ്ധതിയിൽ പരിഗണിക്കുകയില്ല.

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം, അപേക്ഷകരെ തെരെഞ്ഞെടുക്കുന്ന രീതി എന്നിവ വ്യക്തമാക്കുമോ?

മറുപടി: സേഫ് പദ്ധതി പ്രകാരം 2 ലക്ഷം രൂപയാണ് ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിക്കുന്നത്.

പത്രമാധ്യമങ്ങൾ വഴി വിജ്ഞാപനം നടത്തിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ അനുബന്ധ രേഖകൾ പരിശോധിച്ച് അർഹതാ

മാനദണ്ഡപ്രകാരം പ്രാഥമിക പട്ടിക തയ്യാറാക്കുന്നു. ലിസ്റ്റിൽ ഉൾപ്പെട്ട ഭവനങ്ങൾ അക്രഡിറ്റഡ് എഞ്ചിനീയർമാർ നേരിൽ സന്ദർശിച്ച് ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ രേഖപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ച് മുൻഗണനാ ക്രമത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ആനുകൂല്യം അനുവദിച്ചു നൽകുന്നു. മേൽക്കൂര. ടോയ്ലറ്റ് എന്നിവ ഇല്ലാത്ത/പൂർത്തിയാകാത്ത കുടുംബങ്ങൾക്ക് മുൻഗണന നൽകിയും ശേഷിക്കുന്ന അപേക്ഷകൾ ഭവന നിർമ്മാണം പൂർത്തിയാക്കിയ/അവസാന ഗഡു കൈപ്പറ്റിയ വർഷത്തിന്റെ അടിസ്ഥാനത്തിലുമാണ് പരിഗണിക്കുന്നത്.

സെക്ഷൻ ഓഫീസർ